11 ഫെബ്രുവരി 2021

കുടുംബശ്രീ

പ്രതിധ്വനി

www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 74

നേട്ടങ്ങൾ (2016-20)

64,813 പേർക്ക് പരിശീലനം

53,114 പേർ പരിശീലനം പൂർത്തിയാക്കി

40,803 പേർക്ക് തൊഴിൽ ലഭിച്ചു

30,388 പേർ മൂന്ന് മാസത്തെ പ്ലേസ്മെന്റ് പൂർത്തീകരിച്ചു

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന

തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ) പദ്ധതിയുടെ ഭാഗമായി 64,813 പേർക്ക് പരിശീലനം ആരംഭിക്കുകയും 53,114 പേർ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 40,803 പേർക്ക് തൊഴിൽ ലഭിക്കുകയും 30,388 പേർ മൂന്ന് മാസത്തെ പ്ലേസ്മെന്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം (എസ്. വി. ഇ. പി)

തെരഞ്ഞെടുത്ത 14 ബ്ലോക്കുകളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സംരംഭ വികസന പദ്ധതിയായ സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാം മുഖേന നാളിതുവരെ 13,920 (15,236 അംഗങ്ങൾ) സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

*(2020 നവംബർ വരെയുള്ള സ്ഥിതിവിവര കണക്കനുസരിച്ച്)

പ്രധാനമന്ത്രി ആവാസ് യോജന (നഗരം)– ലൈഫ്

- പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ-നഗരം) -ലൈഫ് പദ്ധതിയിലുൾപ്പെടുത്തി സ്വന്തമായി ഭൂമിയുള്ള **1,02,227 ഭവനരഹിതർക്ക്** വീട് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചു. ഇതിൽ **57,226 ഭവനങ്ങളുടെ നിർമ്മാണം** പൂർത്തീകരിച്ചു.
- ഭവനം നിർമ്മിക്കുന്നതിന്/വാങ്ങുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്ന ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിൽ ഉൾപ്പെടുത്തി **25,546 ഗുണഭോക്താക്കൾക്ക്** വായ്പ അനുവദിച്ചു.
- ലൈഫ് മിഷനുമായുള്ള സംയോജനത്തിലൂടെ ഭൂരഹിത-ഭവനരഹിതർക്കായി ആറ് ഭവന സമുച്ചയങ്ങളിലായി **774 ഭവന യൂണിറ്റുകൾ** നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചു. ഇതിൽ **240 യൂണിറ്റുകളുടെ** നിർമ്മാണം പൂർത്തിയായി.

14,096 പുതിയ അയൽക്കൂട്ടങ്ങൾ

3068 എ.ഡി.എസ്സുകൾക്ക് 50,000 രൂപ വീതം റിവോൾവിംഗ് ഫണ്ട്

ദേശീയ നഗര ഉപജീവന ദൗത്യം

ദേശീയ നഗര ഉപജീവന ദൗത്യം (നാഷണൽ അർബൻ ലൈവ് ലിഹുഡ് മിഷൻ- എൻ.യു.എൽ.എം) പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നേട്ടങ്ങൾ നാളിതുവരെ കൈവരിച്ചു.

- 14,096 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.
- 34,072 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകി.
- 3068 എ.ഡി.എസ്സുകൾക്ക് 50,000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകി.
- കുടുംബശ്രീ അംഗങ്ങളുടെ ഉൽപ്പന്നങ്ങൾ സേവനങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനായി നഗര ഉപജീവന കേന്ദ്രങ്ങൾ 13 ഇടങ്ങളിൽ വിജയകരമായി പ്രവർത്തിക്കുന്നു.
- നഗരത്തിലെ പാവപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് വേണ്ടി 3622 സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു.
- 28,854 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ലോൺ നൽകി.
- തെരുവുകളിൽ അന്തിയുറങ്ങുന്ന അശരണരായ ജനങ്ങളെ പാർപ്പിക്കുവാൻ വേണ്ടി 21 അഭയ കേന്ദ്രങ്ങൾ പ്രാവർത്തികമാക്കി.
- നഗര ദാരിദ്ര്യ ലഘൂകരണത്തിനായി നടത്തുന്ന നൈപുണ്യ വികസന പരിപാടിയിൽ 15,041 പേർക്ക് പരിശീലനം നൽകുകയും 9886 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.
- 93 നഗരസഭകളിലും സർവ്വേ നടത്തി 23,827 തെരുവ് കച്ചവടക്കാരെ കണ്ടെത്തി. അതിൽ വിവിധ നഗരസഭാതല ടൗൺ വെൻഡിംഗ് കമ്മിറ്റികൾ അംഗീകരിച്ച 12,583 പേർക്ക് ഐ.ഡി കാർഡ് നൽകി. 372 പേർക്ക് വെൻഡിംഗ് സർട്ടിഫിക്കറ്റും നൽകി. 3900 തെരുവ് കച്ചവടക്കാർക്ക് വിവിധ ബാങ്കുകളിൽ നിന്നും 10,000 രൂപ വീതം ലോൺ ലഭ്യമാക്കി.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O, Thiruvananthapuram - 695011, Kerala. Editor: Asha Varghese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker, Design: Arun. S, Publicity: Sreebal B.S, E-mail: prteamkshreeho@gmail.com